**ഭരണഭാഷ-മാതൃഭാഷ**

**നം.C1-86808/2016** കളക്ടറേറ്റ്, എറണാകുളം, തീയതി : **25/10/2017**

പ്രേഷകൻ

ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)
കെ.ഐ.എ. നമ്പർ .3, നെടുമ്പാശ്ശേരി.

സർ ,

**വിഷയം** : IIP-LCC-10490-12000- എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചത്- സംബന്ധിച്ച്.

**സൂചന** : 1. ഡെപ്യൂട്ടി കളക്ടർ (എൽ.എ)& വിദഗ്ദ സമിതി ചെയർമാൻ, കളക്ടറേറ്റ് എറണാകുളം തയ്യാറാക്കി സമർപ്പിച്ച 09.06.2017 തീയതിയിലെ വിദഗ്ദ സമിതി റിപ്പോർട്ട്.

2. എറണാകുളം ജില്ലാ കളക്ടറുടെ 16.10.2017 ലെ നിർദ്ദേശം.

. . . . . . . . . . .

മേൽ സൂചന ശ്രദ്ധിച്ചാലും. ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ലോലെവൽ കനാൽ ചെയിനേജ് 10490-12000 ൽപ്പെട്ട 0 . 0 7 ആർ വസ്തുവിന്റെ S I A റിപ്പോർട്ട് തയ്യാറായിട്ടുള്ളതും ആയതിന്മേൽ സൂചന(1) പ്രകാരം മേൽ പരിശോധനാ റിപ്പോർട്ട് (എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട്) ലഭിച്ചിട്ടുള്ളതുമാണ് . തുടർന്ന് സൂചന ( 2 ) പ്രകാരം ടി റിപ്പോർട്ടിന് അംഗീകാരം നല്കിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. ടി റിപ്പോർട്ടിന്റെ പകർപ്പുകൾ LARR Act 2013 സെക്ഷൻ 7(6) പ്രകാരമുള്ള സ്ഥലങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും ടി വിവരം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അതോടൊപ്പം തന്നെ 23.02.2017 തീയതി ഇതേ നമ്പറായി നൽകിയ കത്തുപ്രകാരം Form 4 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച വിവരം ഗസറ്റിന്റെ പകർപ്പ്, പത്രപരസ്യം, സെക്ഷൻ 4(2) പ്രകാരം വിവിധ സ്ഥലങ്ങളിൽ പരസ്യപ്പെടുത്തിയ തീയതി എന്നിവ സഹിതം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

Signature Not Verified
Digitally signed by M P JOSE
Date: 2017.10.25 14:19:43 IST
Reason: Approved

വിശ്വസ്തതയോടെ,

JOSE M P
**DEPUTY COLLECTOR**
ജില്ലാ കളക്ടർക്ക വേണ്ടി

പകർപ്പ് : 1. ജില്ലാ ഇൻഫർമാറ്റിക്ക് ഓഫീസർ
നാഷണൽ ഇൻഫർമാറ്റിക് സെന്റർ, എറണാകുളം.
( സൂചന (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ പകർപ്പ് എറണാകുളം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്)

2. എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇടമലാർ ഇറിഗേഷൻ പ്രോജക്ട്
ഡിവിഷൻ നമ്പർ 1, അങ്കമാലി (അറിവിലേയ്ക്കായി)

റ്റി 15

നം. സി1 – 86808/2016

കളക്ടറേറ്റ്, എറണാകുളം
തീയതി : 09/06/17

**ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ലോ ലെവൽ കനാൽ ചെയിനേജ് 10490-12000 മീറ്റർ - ൽ ഉൾപ്പെട്ട 0.07 ആർ വസ്തുവിന്റെ പൊന്നും വില നടപടിയുടെ ഭാഗമായി SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് - ന്റെ SIA റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.**

---

ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് സംബന്ധമായി അങ്കമാലി വില്ലേജ് ബ്ലോക്ക് 12, റീസർവ്വെ 24/10 ൽ പ്പെട്ട 0.07 ആർ വസ്തു, ലാൻഡ് അക്വസിഷൻ പ്രകാരം ഏറ്റെടുത്ത് നൽകുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്, ഡിവിഷൻ നമ്പർ 1, അങ്കമാലി - ൽ നിന്നും 01/11/2016 തീയതിയിൽ റിക്വസിഷനും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ഫയൽ പരിശോധിച്ചതിൽ, എൽ എ ആക്ട് 1894 അടിയന്തര ഖണ്ഡ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയാണ് ചേർത്തിട്ടുള്ളത്. എൽ എ ആർ ആർ ആക്ട് 2013 പ്രാബല്യത്തിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഭരണാനുമതി പ്രകാരം സ്ഥലം ഏറ്റെടുക്കുവാൻ കഴിയാത്തതാണ് എന്നും മേൽ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുവാൻ 06/01/17 തീയതി റിക്വസിഷൻ അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

എറണാകുളം ജില്ലാ കളക്ടറുടെ 15/12/2016 ലെ സി1-86808/16 നടപടി ക്രമം പ്രകാരം 'സ്പെഷ്യൽ തഹസിൽദാർ (എൽ എ), കെ ഐ എ നമ്പർ-3, നെടുമ്പാശ്ശേരി' യെ ലാൻഡ് അക്വസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. ഇതിനുശേഷം എൽ എ ആർ ആർ ആക്ട് 2013 പ്രകാരമുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് കളമശ്ശേരി, പിൻ - 683 104 എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളതും സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ 15/12/2016 തീയതി SIA യൂണിറ്റിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 10,000/- (പതിനായിരം മാത്രം) രൂപ ചിലവ് കണക്കാക്കി 21/12/2016 തീയതി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതും ആയത് 22/12/2016 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്.

എൽ എ ആർ ആർ ആക്ട് 2013 ചട്ടം 4(3) പ്രകാരം ആനുഷാംഗിക ചിലവിലേക്ക് 50,000/- രൂപ കെട്ടി വയ്ക്കുവാൻ റിക്വസിഷൻ അതോറിറ്റിക്ക് നിർദ്ദേശം നൽകുവാൻ 09/01/2017 തീയതി ലാൻഡ് അക്വസിഷൻ ഓഫീസർ ആവശ്യപ്പെട്ടിരുന്നതും ആയത് റിക്വസിഷൻ അതോറിറ്റിയെ അറിയിച്ചിട്ടുള്ളതുമാണ്. SIA യൂണിറ്റ് നൽകിയ ബഡ്ജറ്റ് എസ്റ്റിമേറ്റ്, ആനുഷാംഗിക ചിലവുകൾ എന്നിവയ്ക്ക് ആവശ്യമായ 60,000/- (അറുപതിനായിരം മാത്രം) പ്രത്യേകമായി വകയിരുത്തി നിലവിലുള്ള വർക്ക് ഡെപ്പോസിറ്റ് ഹെഡിലേക്ക് അടയ്ക്കുവാൻ 27/02/2017 തീയതി ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, അതോടൊപ്പം തന്നെ എൽ എ ആർ ആർ ആക്ട് 2013 പ്രകാരമുള്ള ഭരണാനുമതി ലഭ്യമാക്കി നൽകുവാൻ റിക്വസിഷൻ അതോറിറ്റിയ്ക്കും, നോട്ടിഫിക്കേഷൻ പ്രസിദ്ധികരിച്ച ഉടൻ തന്നെ SIA

സ്റ്റഡി നടത്തി നിശ്ചിത കാലയളവിൽ തന്നെ റിപ്പോർട്ട് സമർപ്പിക്കുവാൻ SIA യൂണിറ്റിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

എൽ എ ആർ ആർ ആക്ട് ചട്ടം 2(3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ തയ്യാറാക്കി ആയത് 22/02/2017 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. ഒരു മാസത്തിനുള്ളിലും ആറുമാസത്തിൽ കവിയാതെയും SIA സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ സെക്ഷൻ 4(2) പ്രകാരമുള്ള സ്ഥലത്തും, ഗസറ്റിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസ്തുത നോട്ടിഫിക്കേഷൻ പ്രസിദ്ധികരിച്ചിട്ടുള്ളതാണ്.

ഫീൽഡ് പരിശോധന നടത്തി SIA റിപ്പോർട്ട് തയ്യാറാക്കി ഡ്രാഫ്റ്റ് റിപ്പോർട്ട്, ഫൈനൽ റിപ്പോർട്ട് എന്നിവ യഥാക്രമം 21/03/2017, 05/04/2017 തീയതികളിൽ RCSS സമർപ്പിച്ചിട്ടുള്ളതാണ്. ഇതിനുശേഷം SIA സ്റ്റഡിക്ക് ചിലവായ 10,000/- രൂപയുടെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 10/04/2017 തീയതി നൽകിയിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ SIA യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന് പ്രസ്തുത തുക, ബന്ധപ്പെട്ട അക്കൗണ്ടിൽ നിന്നും ഉടൻ നൽകുവാൻ 15/05/2017 തീയതി സ്പെഷ്യൽ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

SIA യൂണിറ്റായ RCSS സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് അവലോകനം ചെയ്തതിൽ, IIP – LCC 10490-12000 പ്രോജക്ടിൽ ഉൾപ്പെട്ട പ്രസ്തുത ഭൂമി അക്വയർ ചെയ്യുവാൻ സാധിക്കാതിരുന്നതു മൂലം ഈ പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുയാണ് എന്നും ഏറ്റെടുക്കേണ്ട സ്ഥലം ഒഴികെയുള്ള ബാക്കി പ്രദേശങ്ങളിലെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നത് പ്രായോഗികമല്ല എന്നത് വിലയിരുത്തുന്നു. കൂടാതെ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് മൂലം ഏതെങ്കിലും കുടുംബങ്ങൾക്കോ, പരിസ്ഥിതിക്കോ പ്രകടമായ യാതൊരു പ്രത്യാഘാതങ്ങളും ഉണ്ടാകുന്നില്ല എന്നത് മനസിലാക്കുന്നു. ആയതിനാൽ ഈ പ്രോജക്ട് ഒരു പൊതു ആവശ്യത്തിനുള്ളതായിനാലും, പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണ് എന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, ഈ പ്രോജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്. ഇതു സംബന്ധിച്ച് 31/05/2017 തീയതി വൈകീട്ട് 5.00 മണിക്ക് വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ Expert Committee meeting -ൽ മേൽപ്പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും, പ്രസ്തുത പ്രോജക്ട് അംഗീകരിക്കുന്നതിന് ഐക്യകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും ടി തീരുമാനം കമ്മറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദഗ്ധ സമിതി ചെയർമാൻ & ഡെപ്യൂട്ടി കളക്ടർ (എൽ എ)
കളക്ടറേറ്റ്, എറണാകുളം

ടി7